# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *141 — 10.02.2020 -ലെ മറുപടിയ്ക്ക്

### ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദാക്കിയ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>" സണ്ണി ജോസഫ്<br>" കെ. എസ്. ശബരീനാഥൻ<br>" ഷാഫി പറമ്പിൽ | കെ. റ്റി.ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | എം. ജി. സർവ്വകലാശാലയിലും കേരള സർവ്വകലാശാലയിലും മാർക്ക് കൂട്ടി നൽകിയതിന്റെയും മോഡറേഷന്റെയും അടിസ്ഥാനത്തിൽ നൽകിയ ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഏതൊക്കെ പരീക്ഷകളുടെ ബിരുദ സർട്ടിഫിക്കറ്റുകളാണ് ഇപ്രകാരം റദ്ദാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | എം.ജി. സർവ്വകലാശാല ബി.ടെക് പരീക്ഷകളുടെയും കേരള സർവ്വകലാശാല ബി.എസ്.സി. കംപ്യൂട്ടർ സയൻസ്, ബി.ബി.എ. എന്നീ പരീക്ഷകളുടെയും ബിരുദ സർട്ടിഫിക്കറ്റുകളാണ് റദ്ദ് ചെയ്യുന്നത്. |
| (സി) | ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദാക്കുന്ന തീരുമാനമെടുക്കുന്നതിന് മുമ്പ് ചാൻസലറുടെ അംഗീകാരം തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ; | (സി) | എം.ജി. സർവ്വകലാശാല ചാൻസിലറുടെ അംഗീകാരം തേടിയിട്ടില്ല. എം.ജി. സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23(15) പ്രകാരം പരീക്ഷാകാര്യങ്ങളിൽ നയപരമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിനുള്ള അധികാരവും സ്റ്റാറ്റ്യൂട്ട് 1992 ചാപ്റ്റർ 35 പ്രകാരവുമാണ് സിൻഡിക്കേറ്റ് തീരുമാനമെടുത്തത്. കേരള സർവ്വകലാശാലയിൽ സെനറ്റിന്റെയും ചാൻസിലറുടെയും അംഗീകാരത്തോടെ ബിരുദ സർട്ടിഫക്കറ്റുകൾ റദ്ദ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | നോർക്ക റൂട്ട്സിൽ അറ്റസ്റ്റേഷന് സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളിൽ റദ്ദാക്കുന്നവ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് നോർക്ക റൂട്ട്സ് എം. ജി. സർവ്വകലാശാലക്കും കേരള സർവ്വകലാശാലക്കും കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട സർവ്വകലാശാലകൾ അതിന് മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. എം.ജി സർവ്വകലാശാല മറുപടി നൽകിയിട്ടുണ്ട്. മറുപടി നൽകുന്നതിനുള്ള സത്വര നടപടികൾ കേരള സർവ്വകലാശാല സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ